LAITY VOICE
ക്രൈസ്തവ ജനതയുടെ മുഖപത്രം
2018 NOVEMBER Volume: IX No: V

# Make life fruitful for others, Pope to Indian Youth

Vatican: Pope Francis urged Indian youth to "make their lives fruitful for the benefit of all."

In a short video message addressed to the young people of India, he said, "A big greeting and I thank you very much I received your greetings from your delegate at the Synod and I thank you very much and I wish you the best."

"Do not forget that youth is richness and make it fruitful for the benefit of all. You have the future in your hands. The present is in your hands. Go ahead. Do not be discouraged. I hug and pray for me," the Holy Father said.

"When we met Pope Francis on 18 October and I gave him the gift on behalf of the 'Youth of India,' that's what he said in response to all the 'Young People of India,' said Percival Holt, National Youth President, of the Indian Catholic Youth Movement [ICYM] – Conference of Catholic Bishops of India [CCBI] (India).

The beautiful gift was: "Good Shepherd Cross" especially hand carved on



sandalwood with a lotus (national flower of India) at the bottom as a symbol of love and purity and a traditional Indian border and designed by Ishan Pattnaik and made by KARU. Holt is one of the 14 Indian delegations present at the on-going 12th General Congregation of the Synod that is meeting at the Vatican on October 3 to 28 to discuss "young people, faith and vocational discernment."

# Chevalier Adv.V C Sebastian Catholic Bishops Conference of India (CBCI) Laity Council Secretary

New Delhi: Chevalier Adv. V C Sebastian has been appointed as the Secretary of the Laity Council of the Catholic Bishops Conference of India. The appointment order was handed over to Adv. Sebastian by Bishop Theodore Mascarenhas Secretary General CBCI. The decision was taken during the 134th Standing Committee meeting of the Catholic Bishops Conference of India which met at St. John's Medical College, Bangalore presided over by His Beatitude Osward Cardinal Gracious, Archbishop of Bombay and President of the CBCI.

V C Sebastian is the National Secretary General of the Indian Farmer's Movement (INFAM), and General Secretary of the National Council Indian Christian Community. A leading Management



consultant, he is also serving as the Secretary to the Pastoral Council of the diocese of Kanjirapally, Chairman, Home of International Fellowship, and Chief Editor of the 'Laity Voice', besides playing active roles in various national and international movements.

As the first Secretary of the Commission for Laity of the Syro Malabar Catholic Church, V C Sebastian has rendered valuable services in strengthening the Syro Malabar Church community globally. His organizing ability and innovative style of functioning have contributed substantially to the empowerment of the laity in various countries as well as in several States of India. His timely intervention in the challenges to Catholic faith as well as the issues related to the religious minorities, especially in domains, social and agricultural, has strengthened the Church and the public.

In recognition of the meritorious services Sebastian has been rendering to the Church, The Holy Father graciously granted him the title of 'Chevalier', the top honour awarded to the laity in the Catholic

→

# സഭയും സമകാലിക പ്രതിസന്ധികളും



**മാർ ജോസ് പുളിക്കൽ**

ഉത്ഥിതനായ മിശിഹായുടെ തുടർച്ചയും അവിടുത്തെ മൗതികശരീരവും നിർമ്മലവധുവുമാണ് തിരുസ്സഭ. ഈ അമ്മ നിത്യതയിലേയ്ക്കുള്ള തീർത്ഥാടനത്തിലാണ്. സഭയ്ക്ക് ദൈവികവും മാനുഷികവുമായ മാനങ്ങളുണ്ട്. കുരിശിലുയർത്തപ്പെട്ട ഈശോയുടെ പാർശ്വത്തിലെ മുറിവിൽനിന്ന് സഭ ജന്മമെടുത്തുവെന്ന സഭാപിതാക്കന്മാരുടെ നിരീക്ഷണം ശ്രദ്ധേയം. വി. ആഗസ്തീനോസിന്റെ ഭാഷ്യമിങ്ങനെ: “മിശിഹാ കുരിശിലുറങ്ങിയപ്പോൾ അവിടുത്തെ പാർശ്വത്തിൽനിന്ന് പുതിയ ഹവ്വാ ജനിച്ചു.” ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിൽ ഈശോയാകുന്ന മൂലക്കല്ലിൽ പടുത്തുയർത്തപ്പെട്ട് പരിശുദ്ധാത്മാവിൽ വ്യാപരിക്കുന്ന സമൂഹമാണ് തിരുസ്സഭ. ഈ ദർശനങ്ങളൊക്കെ സഭയുടെ ദൈവികമാനത്തെ വെളിപ്പെടുത്തുന്നവയാണ്. എന്നാൽ ബലഹീനരായ മനുഷ്യരുടെ കരങ്ങളിലൂടെയാണ് മിശിഹാ തന്റെ ദൗത്യം തുടരുന്നത്. ഈശോ നേരിട്ടു തെരഞ്ഞെടുത്തു നിയോഗിച്ച ശിഷ്യരിൽപോലും പലരും അവിശ്വസിക്കുകയും പ്രലോഭനങ്ങളിൽ ഇടറുകയും ചെയ്തിട്ടുണ്ട്. സഹനം തിരസ്ക്കരിച്ചതും കുരിശിന്റെ വഴിയിൽ ഗുരുവിനെ തള്ളിപ്പറഞ്ഞതും ഒരാൾ ഒറ്റിക്കൊടുത്തതും ചില അടയാളങ്ങൾ മാത്രം. സഭയുടെ മാനുഷികതലമാണ് ഇവിടെയെല്ലാം സൂചിതമാകുന്നത്. പക്ഷേ, ഒരു പ്രതിസന്ധിയിലും തകർന്നുപോകാതെ ഈ സഭാനൗക ലക്ഷ്യത്തിലേക്കു നീങ്ങുന്നതിന്റെ കാരണം അമരക്കാരൻ മിശിഹാ ആയിരിക്കുന്നതുകൊണ്ടു മാത്രമാണ്.

### കാലികപ്രതിസന്ധികൾ

ഭാരതത്തിലെ കത്തോലിക്കാസഭ, പ്രത്യേകിച്ച് കേരളത്തിലെ സഭ പ്രക്ഷുപ്തമായ തിരയിളക്കങ്ങളിലൂടെ കടന്നുപോകുന്ന നാളുകളാണിവ. ഇന്നത്തെ പ്രതിസന്ധികൾക്ക് ആന്തരികവും ബാഹ്യവുമായ തലങ്ങളുണ്ട്. കുറ്റം ചെയ്തവർ ആരൊക്കെയാണെങ്കിലും രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥിതി പ്രകാരം ശിക്ഷിക്കപ്പെടണമെന്നതിൽ രണ്ടുപക്ഷമില്ല. എന്നാൽ ഒറ്റപ്പെട്ട ആരോപണങ്ങളുടെ പേരിൽ സഭയെ അടച്ചാക്ഷേപിക്കുകയും മാധ്യമങ്ങളിലൂടെ പരസ്യവിചാരണ നടത്തി മുൻകൂട്ടി വിധിതീർപ്പു കല്പിക്കുകയും ചെയ്യുന്നതു നിർഭാഗ്യകരമാണ്. ക്രൈസ്തവപൗരോഹിത്യം, സന്യാസം, സഭാസംവിധാനങ്ങൾ, വിശ്വാസദർശനങ്ങൾ എന്നിവയെ വികലമായി ചിത്രീകരിച്ചുകൊണ്ടും പരസ്യമായി അവഹേളിച്ചുകൊണ്ടുമുള്ള പ്രചരണങ്ങളും എഴുത്തുകളും ചർച്ചകളും വിശ്വാസസമൂഹത്തിന് വലിയ വേദനയ്ക്കും ഇടർച്ചയ്ക്കും കാരണമായിത്തീർന്നു. വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ആതുരശുശ്രൂഷ, ജീവകാരുണ്യം എന്നീ മേഖലകളിൽ നമ്മുടെ രാജ്യത്തിനു സഭ നൽകുന്ന അതുല്യമായ സംഭാവനകൾ ചരിത്രത്തിന്റെ ഭാഗമാണ്. ആധുനിക ഭാരതത്തിന്റെ നിർമ്മിതിയിൽ കത്തോലിക്കാസഭ വഹിച്ച പങ്ക് നിസ്തുലമാണ്. അതിൽ നമ്മൾ അഭിമാനിക്കുന്നു. സമകാലിക പ്രതിസന്ധികളുടെ നടുവിൽ മനസ്സിടിയാതെ പ്രത്യാശയോടെ ധീരമായി മുന്നേറാൻ നമുക്ക് കഴിയണം.

കടുത്ത വെല്ലുവിളികളെ അതിജീവിച്ച് ഉപരിശോഭയോടെ വിജയം വരിച്ചതിന്റെ ചരിത്രമാണ് തിരുസഭയുടേത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ വിപരീതാനുഭവങ്ങൾക്കുപോലും അർത്ഥമുണ്ട്, വ്യക്തമായ സന്ദേശമുണ്ട് എന്ന യാഥാർത്ഥ്യം വിശുദ്ധ ലിഖിതങ്ങളിലുടനീളം കാണാം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആനുകാലികസംഭവങ്ങളെ ക്രിയാത്മകമായി നമ്മൾ സമീപിക്കണമെന്നത് സുപ്രധാനം. ഈ പശ്ചാത്തലത്തിൽ ചില നിരീക്ഷണങ്ങൾ കുറിക്കുന്നു.

### ഉപരിവിശുദ്ധീകരണത്തിനുള്ള സമയം

നമ്മുടെ ആത്മപരിശോധനയ്ക്കും സഭയുടെ ഉപരിവിശുദ്ധീകരണത്തിനുമുള്ള സമയമാണിത്. നന്മകൾകൊണ്ടു ശോഭിതവും ആദരണീയവുമായ ഒരു മുഖം സഭയ്ക്കുള്ളതുകൊണ്ടുതന്നെ ആ മുഖത്തു പതിയുന്ന ഒറ്റപ്പെട്ട കറുത്തപൊട്ടുകൾപോലും ഗൗരവതരമാണ്. സഭയിലെ ശുശ്രൂഷാനേതൃത്വനിരയും സമർപ്പിതരും അല്മായ നേതാക്കളുമുൾപ്പെടുന്ന വിശ്വാസസമൂഹം സുവിശേഷത്തിന്റെ ഹൃദയത്തിലേക്കും ആദിമസഭയുടെ ജീവിതശൈലിയിലേക്കും കൂടുതൽ അടുത്തുവരണമെന്ന നിരീക്ഷണം പ്രസക്തമാണെന്നു ഞാൻ കരുതുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ഉറവിടങ്ങളിലേക്കുള്ള മടക്കവും (Resourcement) കാലികനവീകരണവും (Aggiornamento) സഭയിൽ കൂടുതൽ അനിവാര്യമായിരിക്കുന്നു.

**വിനയവും ലാളിത്യവും കാരുണ്യവും പങ്കുവയ്ക്കുന്ന ശൈലിയും ദൈവം അനുഗ്രഹിച്ചു വളർത്തിയ നമ്മുടെ സഭാസമൂഹത്തിന്റെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സമൃദ്ധിയും സ്വയംപര്യാപ്തതയും സ്ഥാപനമികവും നേടിയ നമ്മൾ ഒട്ടൊക്കെ അഹന്തയിലേക്കും സ്വാർത്ഥചിന്തകളിലേക്കും വഴുതി മാറിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിശാലമായി ചിന്തിച്ചും ഉദാരമായി പങ്കുവച്ചും ദൈവത്തിലാശ്രയിച്ച് നാം ജീവിച്ച ഇന്നലെകൾ തീക്ഷ്ണതയോടെ തിരികെപ്പിടിക്കാൻ കഴിയണം.** വ്യക്തിപരമായ തിരിച്ചറിവിലൂടെയും സ്വയം തിരുത്തലിലൂടെയും സ്നേഹത്തിന്റെ പ്രകാശം സഭയിലുടനീളം കൂടുതൽ ശോഭയോടെ പ്രസരിക്കട്ടെ.

**വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ആതുരശുശ്രൂഷ, ജീവകാരുണ്യം എന്നീ മേഖലകളിൽ നമ്മുടെ രാജ്യത്തിനു സഭ നൽകുന്ന അതുല്യമായ സംഭാവനകൾ ചരിത്രത്തിന്റെ ഭാഗമാണ്. ആധുനിക ഭാരതത്തിന്റെ നിർമ്മിതിയിൽ കത്തോലിക്കാസഭ വഹിച്ച പങ്ക് നിസ്തുലമാണ്. അതിൽ നമ്മൾ അഭിമാനിക്കുന്നു.**

### പ്രതികാരചിന്തയില്ലാത്ത മാർഗ്ഗം

ശത്രുവിനു മാപ്പുനൽകി സ്നേഹം വിളമ്പുന്നതാണ് ക്രൈസ്തവദർശനമെന്ന് സുവിശേഷവാക്യങ്ങൾ അടിവരയിടുന്നു. മറ്റു മതചിന്തകളിലൊന്നുമില്ലാത്തവിധം ക്രിസ്തുമൊഴികളിൽ ക്ഷമയുടെ പാഠശാലയുണ്ട്. ക്ഷമിക്കുന്ന സ്നേഹത്തിന് കാൽവരിയിലെ കുരിശുമരണത്തോളം ഔന്നത്യമുണ്ട് എന്ന യാഥാർത്ഥ്യം മറക്കാതിരിക്കാം. ദ്വേഷിക്കുന്നവർക്കു നന്മചെയ്തും ശപിക്കുന്നവരെ അനുഗ്രഹിച്ചും അധിക്ഷേപിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിച്ചും ഒരു ചെകിട്ടത്തടിക്കുന്നവന് മറുചെകിടു കാണിച്ചുകൊടുത്തും സ്നേഹം ജീവിക്കണമെന്നു പഠിപ്പിച്ച

(ലൂക്കാ 6:28-29) ഗുരുവിന്റെ മനസ്സിലേക്കാണ് നമ്മൾ ക്രൈസ്തവർ വളരേണ്ടത്. ത്യാഗത്തിന്റെയും സഹനത്തിന്റെയും രക്ഷാകരമൂല്യം മനസ്സിലാക്കിയെടുക്കുന്നതിനാണ് ക്രിസ്തുശിഷ്യർ വല്ലാതെ വിഷമിച്ചതെന്ന് സുവിശേഷത്തിൽ വ്യക്തമാണ്. ഈശോ തന്റെ കുരിശിന്റെ വഴിയെപ്പറ്റിയും പീഡാസഹനത്തെക്കുറിച്ചും നൽകിയ മുന്നറിയിപ്പുകളൊന്നും ശിഷ്യരുടെ ഉള്ളിൽ തട്ടിയില്ലെന്ന് അവരുടെ പ്രതികരണങ്ങളിലും വീഴ്ചകളിലും പ്രതിഫലിക്കുന്നുണ്ട്.

കുരിശിന്റെ വഴി ഉപേക്ഷിക്കാനുള്ള പ്രലോഭനങ്ങളും ഇടർച്ചകളും ഇരുപത് നൂറ്റാണ്ടുകൾ പിന്നിട്ടുനീങ്ങുന്ന തിരുസ്സഭയുടെ തീർത്ഥാടനവഴികളിൽ ആവർത്തിച്ചിട്ടുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. ത്യാഗപൂർവ്വം സമർപ്പിക്കുന്നതും സഹനങ്ങൾ ഏറ്റെടുക്കുന്നതും അടിമത്തമല്ല, ചൂഷണത്തിനു സ്വയംവിട്ടുകൊടുക്കുന്ന ഭീരുത്വവുമല്ല; മറിച്ച് അതു ക്രൈസ്തവധീരതയാണ്. ലക്ഷ്യത്തോടൊപ്പം മാർഗ്ഗവും പവിത്രമായിരിക്കണമെന്ന പ്രമാണം അടിസ്ഥാനപരമാണ്. തെറ്റുകളും ആരോപണങ്ങളും കുറ്റപ്പെടുത്തലുകളുമുയരുമ്പോൾ അതു പരിഹരിക്കേണ്ട വേദികൾ സഭയ്ക്കുള്ളിലും സ്വീകരിക്കേണ്ട ശൈലി ക്രിസ്തുമാർഗ്ഗവുമാണ്. **നമ്മുടെ ആഭിമുഖ്യങ്ങൾ വഴിവിട്ട് പ്രതികാരരീതികളിലേക്കു നീങ്ങാതെ എല്ലാവരെയും മിശിഹായുടെ മിഴികളിലൂടെ വീക്ഷിക്കുവാനും പ്രശ്നങ്ങൾ സുവിശേഷമാർഗ്ഗത്തിലൂടെ പരിഹരിക്കുവാനും കഴിയുന്നതിലാണ് മഹത്വം. ദ്രോഹിക്കുന്നവർക്കു മാപ്പു നൽകി ത്യാഗപൂർവ്വം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ കരം അനുഗ്രഹം ചൊരിയുമെന്ന വിശ്വാസവെളിച്ചം നമ്മിൽ അണഞ്ഞുപോകരുത്.**

### അനിവാര്യമായ ഒരുമ

സഭയെ സൂചിപ്പിക്കുന്ന 'എക്ളേസിയാ' എന്ന മൂലപദത്തിന് വിളിച്ചുകൂട്ടപ്പെട്ട സമൂഹം എന്ന അർത്ഥമാണുള്ളത്. ഈശോയുടെ അന്ത്യാഭിലാഷമായി സുവിശേഷം പങ്കുവയ്ക്കുന്ന അവിടുത്തെ പ്രാർത്ഥനയുടെ കാതൽ ഒരുമയ്ക്കുവേണ്ടി ദാഹമാണ്. "അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും.... ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17:21). **പ്രതിസന്ധികളുണ്ടാകുമ്പോൾ പരസ്പരം പഴിക്കുന്നതിനുപകരം സ്നേഹപൂർവ്വം അപരനെ ചേർത്തുപിടിക്കുകയാണ് കരണീയം. സ്വാർത്ഥം നിറഞ്ഞ അപരവത്ക്കരണത്തിലൂടെ ധ്രുവീകരണങ്ങൾ സൃഷ്ടിക്കാനും മുറിവേല്പിക്കാനും പലരും തത്രപ്പെടുന്ന ഈ കാലത്ത് വിശ്വാസവെളിച്ചത്തിലുള്ള സ്നേഹബന്ധങ്ങളാണ് നമ്മൾ രൂപപ്പെടുത്തേണ്ടത്.**

**പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കുന്നതോടൊപ്പം നമ്മൾ സർപ്പങ്ങളെപ്പോലെ വിവേകികളുമായിരിക്കണമെന്ന് ഈശോ ഓർമ്മിപ്പിക്കുന്നുണ്ട്. സംസാരത്തിലും പെരുമാറ്റത്തിലും പരിശുദ്ധാത്മാവു നൽകുന്ന വിവേകവും ജാഗ്രതയും പാലിക്കേണ്ടത് കൂടുതൽ ആവശ്യമായിരിക്കുന്നു. ആനുകാലികസാഹചര്യങ്ങൾ നൽകുന്ന പാഠങ്ങൾ പോലെ സഭയെ അടിക്കുന്നതിനുള്ള വടി ശത്രുവിന്റെ സ്വാർത്ഥകരങ്ങളിലെത്തിച്ചു സ്വയം പരിഹാസിതരാകുന്ന സാഹചര്യം തികച്ചും നിർഭാഗ്യകരമാണ്.**

**അവഹേളിച്ചുകൊണ്ട് ഒറ്റപ്പെടുത്താനും തള്ളിപ്പറയാനും ആർക്കും എളുപ്പമാണ്; പക്ഷേ, കാരുണ്യത്തിന്റെ കണ്ണിലൂടെ മറ്റുള്ളവരെ വീക്ഷിച്ചുകൊണ്ട് സ്നേഹത്തിന്റെ പാലങ്ങൾ പണിയുന്ന ശ്രമകരമായ ദൗത്യമാണ് ക്രിസ്ത്യാനിയുടേത്.**

വി. പൗലോസ് കോറിന്തോസിലെ സഭയ്ക്കുള്ള കത്തിൽ പറയുന്നതുപോലെ, "ഒരു അവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരു അവയവം പ്രസംശിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു. നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി. 12:26-27). വിശ്വാസസമൂഹം മിശിഹായിൽ ഒന്നാണെന്നും ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾപോലെ പരസ്പരം ബന്ധിതമാണെന്നുമുള്ള അവബോധം ശക്തമാകേണ്ട നാളുകളാണിത്. സാത്താൻ സ്വഭാവത്താലെ കള്ളം പറയുന്നവനും ഭിന്നിപ്പിക്കുന്നവനുമാണെന്ന സുവിശേഷചിന്ത പ്രസക്തമാണ്. ചിതറിക്കുന്ന ബാബേൽ സംസ്ക്കാരത്തിനിരയാകാതെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന പെന്തക്കുസ്താ അനുഭവത്തിനുവേണ്ടിയാണ് നമ്മൾ ശ്രമിക്കേണ്ടത്.

### ജാഗ്രതയോടെയുള്ള നിലപാടുകൾ

പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കുന്നതോടൊപ്പം നമ്മൾ സർപ്പങ്ങളെപ്പോലെ വിവേകികളുമായിരിക്കണമെന്ന് ഈശോ ഓർമ്മിപ്പിക്കുന്നുണ്ട്. സംസാരത്തിലും പെരുമാറ്റത്തിലും പരിശുദ്ധാത്മാവു നൽകുന്ന വിവേകവും ജാഗ്രതയും പാലിക്കേണ്ടത് കൂടുതൽ ആവശ്യമായിരിക്കുന്നു. ആനുകാലികസാഹചര്യങ്ങൾ നൽകുന്ന പാഠങ്ങൾ പോലെ സഭയെ അടിക്കുന്നതിനുള്ള വടി ശത്രുവിന്റെ സ്വാർത്ഥകരങ്ങളിലെത്തിച്ചു സ്വയം പരിഹാസിതരാകുന്ന സാഹചര്യം തികച്ചും നിർഭാഗ്യകരമാണ്. വിരുദ്ധശക്തികളും മാധ്യമ സിൻഡിക്കേറ്റുകളുമൊരുക്കുന്ന ഗൂഢ അജണ്ടകളും പിന്നിലുള്ള ലാഭക്കൊതിയും തിരിച്ചറിഞ്ഞ് വിമർശനാത്മകമായി വാർത്തകളെ വിലയിരുത്തുന്നതിനുമുള്ള കാഴ്ചയും കേൾവുയുമാണ് നമുക്കാവശ്യം.

### ഉചിതമായ പ്രതികരണം

നിസംഗതയുടെ ആഗോളീകരണമാണ് ആധുനികലോകത്തിന്റെ കൊടിയപാപമെന്നാണ് ഫ്രാൻസീസ് മാർപാപ്പാ നിരീക്ഷിക്കുന്നത്. വസ്തുതകൾ ശരിയായി പഠിച്ച് സത്യം പറയേണ്ട വേദികളിലും സാഹചര്യങ്ങളിലും വേണ്ടവിധം അതു പറയാനും പ്രതികരിക്കാനും നമുക്കു കടമയുണ്ട്. **സെൻസേഷനൽ വാർത്തകളിലൂടെ റേറ്റിംഗ് വർദ്ധിപ്പിച്ച് ലാഭം കൊയ്യാൻ കത്തോലിക്കാസഭയ്ക്കെതിരെ പച്ചക്കള്ളം പ്രചരിപ്പിക്കാനും വാർത്തകൾ വളച്ചൊടിക്കാനും ചാനലുകളും സമൂഹമാധ്യമങ്ങളും മത്സരിക്കുകയാണിന്ന്. സ്വാർത്ഥപരമായ വർഗ്ഗീയ, രാഷ്ട്രീയ അജണ്ടകളോടെ ആസൂത്രിതമായി സംഘടിപ്പിക്കുന്ന പ്രൈംടൈം ചർച്ചകളിലെ കള്ളക്കളികൾ മനസ്സിലാക്കി നിലപാടു സ്വീകരിക്കാൻ നമുക്ക് കഴിയണം.** സോഷ്യൽമീഡിയാകൾ പ്രചരിപ്പിക്കുന്ന തെറ്റായതും സംശയാസ്പദവുമായ വാർത്തകൾ ഷെയർ ചെയ്യാതിരിക്കുന്നതോടൊപ്പം കൃത്യമായ പ്രതികരണങ്ങൾ നൽകുന്നതും സത്യം പ്രചരിപ്പിക്കുന്നതും നമ്മുടെ ദൗത്യമാണ്. അതു സുവിശേഷദൗത്യം തന്നെയാണ് എന്നതു മറക്കാതിരിക്കാം.

മിശിഹായുടെ പാർശ്വത്തിൽനിന്നു ജന്മമെടുത്ത തിരുസ്സഭയെ ആ അമ്മയെ അഭിമാനപൂർവ്വം സ്നേഹിച്ചുകൊണ്ടും, അവിടുത്തെ സുവിശേഷത്തിന് നമ്മൾ ധീരമായി ജീവിതസാക്ഷ്യം നൽകണം. ഇതു സഭയുടെ നവീകരണത്തിന്റെയും വളർച്ചയുടെയും നാളുകളാണ്. വിശ്വാസത്തിലും ധാർമ്മികതയിലും ഉറച്ചുനിന്ന്, ജാതിമതഭേദമില്ലാതെ എല്ലാവർക്കും നന്മ ചെയ്ത് പ്രത്യാശയുടെ ചുവടുകൾ വയ്ക്കാൻ നമുക്കു കഴിയട്ടെ.

# Manipur Christians stage silent rally in Imphal

Imphal, October 25, 2018: Thousands of Christians staged a silent mass rally in Imphal on October 24 demanding regularization of churches constructed in public places across Manipur.

The rally was organized by All Manipur Christian Organization (AMCO) alleging that none of the churches across the state were included when Manipur government regularized 188 worshiping places constructed at public places.

The rallyists carried placards some of which read “We want justice and equal treatment,” “No church no peace”, “We (Christian) for peace and harmony”, “Respect the sanctity of church,” “We demand regularization of Christian worship place,” “Uphold Supreme Court’s order of 29 September 2009.”

The rally kick-started from Imphal’s THAU ground and culminated at the same place after marching through the streets of Imphal.

Later, at a public meeting convened at the concluding part of the rally, AMCO president Prim Vaiphei protested against alleged government favoritism of religion.

Despite repeated requests, the chief minister had failed to hear the demands of the Christians in the state even as a total of 188 worshiping places of different religions had already been regularized by



the state government, he said.

He claimed that churches in the state have been playing a big role in spreading the message of living together in peace and harmony among the different communities living in the state.

“We are extremely unsatisfied with the government’s attempt to demolish churches in public places,” he said, asserting that churches were always upholding peace and harmony in the state.

Meanwhile, in a memorandum submitted to the chief minister, the AMCO has requested the chief minister to regularize the churches.

On the other hand, chief minister N Biren Singh said that the issue of construction of Church in RIMS campus, Imphal, for which an eviction notice had already been issued, has nothing to do with the state government.“My government believes in secularism, unity and respect all communities belonging to different religions, creed and caste etc. in the state,” he added.

**(Cont.from page1)**

## Chevalier Adv.V C Sebastian Laity Council Secretary

Church, in 2013. The international seminar 'Alcohol and Drug-Free Lifestyle' organized in Bombay in 1988, which was attended by St. Mother Theresa and First International Laity Assembly of Syro Malabar Church Commission for Laity held in Kochi in 2009 bear ample testimony to his organizing skills.

The CBCI Council for Laity coordinate and strengthening the Catholic faithful of the 174 Latin, Syro-Malabar and Syro-Malankara dioceses the mainstream of the numerous laity programs in India. The objective of the Council for Laity is to encourage witness of life of the laity in social, political and cultural areas of endeavour. And also foster networking among Catholic associations, movements and communities of faith for their effective presence in the parishes, dioceses, regions and at the national level.

# Syro-Malabar Church launches ‘Smart Catechism’ website

Kochi: The Syro-Malabar Church on October 25 launched “Smart Catechism,” a web portal offering online classes in matters of faith.

The web portal is expected to benefit around 400,000 students attending catechism classes from grades 1 to 12 in India and overseas.

The portal that aims to draw the attention of the young tech-savvy generation was opened by Bishop Jacob Manathodath, who is the chairperson of the Commission for Catechism of the Syro-Malabar Synod.

The portal, www.smsmartcatechism.org




will make available lessons and guides for students. The digital versions of textbooks will be available in Malayalam, English and Hindi. Audio clips of each class, including power point presentation, will also be uploaded to the portal, says a press release from the commission.

Catechism is an organized presentation of the essential teachings of the Catholic Church with regard to faith and morals. The Catechism syllabus of the Church includes 12 books.

The church has published text books in English, Hindi, Tamil, Telugu and Kannada.

# അപവാദങ്ങളുടെ പേരിൽ കത്തോലിക്കാ സഭയുടെ നന്മ മറക്കരുത്: നിക്കി ഹേലി

ന്യൂയോർക്ക്: കത്തോലിക്കാസഭ ആഗോളതലത്തിൽ ചെയ്തുവരുന്ന നന്മപ്രവൃത്തികളെ ചില അപവാദങ്ങളുടെ പേരിൽ മറക്കുന്നത് ഖേദകരമാണെന്ന് ഐക്യരാഷ്ട്രസഭയിലെ യുഎസ് അംബാസഡറും റിപ്പബ്ലിക്കൻ പാർട്ടിയംഗവും മുൻ സൗത്ത് കരോലിന ഗവർണ്ണറുമായിരുന്ന നിക്കി ഹേലി. ആൽഫ്രഡ് ഇ.സ്മിത്ത് ഫൗണ്ടേഷന്റെ ഈ വർഷത്തെ വാർഷിക അത്താഴവിരുന്നിലാണ് സഭ ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ സേവനങ്ങളെക്കുറിച്ച് അവർ തുറന്നുപറഞ്ഞത്. സഭയുടെ സന്നദ്ധപ്രവർത്തനങ്ങളുടെയും വിദ്യാഭ്യാസരംഗത്തേയും ആരോഗ്യരംഗത്തേയും പ്രവർത്തനങ്ങളെ അത്ഭുതങ്ങൾ എന്നാണ് ഹേലി വിശേഷിപ്പിച്ചത്.



ഈ അത്ഭുതങ്ങളാണ് സഭയുടെ മാർഗ്ഗം. സമീപകാലങ്ങളിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന ലൈംഗീക ആരോപണങ്ങൾക്കെതിരെ നടപടിയെടുത്തതും കാരുണ്യപ്രവൃത്തികൾ വ്യാപിപ്പിച്ചതും അഭിനന്ദനാർഹമാണെന്നും അവർ കൂട്ടിച്ചേർത്തു. കൊളംബിയയുടെയും വെനിസ്വലയുടെയും അതിർത്തിപ്രദേശങ്ങളിലെ ജനങ്ങൾ ഒരു നേരത്തെ ഭക്ഷണത്തിനായി മൂന്ന് മണിക്കൂറോളം ചുട്ടുപൊള്ളുന്ന വെയിലിൽ നടക്കുന്നത് താൻ കണ്ടിട്ടുണ്ട്. അവർക്ക് ഭക്ഷണം നൽകുന്ന കാര്യത്തിലും കൗമാരപ്രായത്തിലുള്ള പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നതും പതിവാക്കിയ മധ്യ ആഫ്രിക്കൻ രാജ്യങ്ങളിൽ ഈ അനീതികൾക്കെതിരെ പോരാടുവാൻ മുന്നിൽ നിൽക്കുന്നതും കത്തോലിക്കാസഭയാണെന്ന് നിക്കി ഹേലി പറഞ്ഞു.

## വിശ്വാസിസമൂഹത്തിന് വെല്ലുവിളികളെ നേരിടാൻ കരുത്തുണ്ട്: മാർ മാത്യു അറയ്ക്കൽ

ദൈവത്തിലാശ്രയിച്ച് ജീവിക്കുന്ന വിശ്വാസിസമൂഹത്തിന് വെല്ലുവിളികൾ നേരിടാൻ കരുത്തുണ്ടെന്നും ആക്ഷേപിച്ചും അവഹേളിച്ചും സഭാസമൂഹത്തെ തളർത്താൻ ആർക്കുമാവില്ലെന്നും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ. രൂപതയുടെ പതിനൊന്നാം പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രേഷിത ചൈതന്യമുള്ള അല്മായരും വൈദികരും സന്യസ്തരും രൂപപ്പെടുന്നതും കുടുംബങ്ങളിൽ നിന്നാണ്. കുടുംബങ്ങൾ ചേർന്നുള്ള കൂട്ടായ്മകൾ ആത്മീയ ഭൗതിക വളർച്ചയുടെ കേന്ദ്രങ്ങളായി രൂപപ്പെടണം. സ്നേഹം പങ്കുവെയ്ക്കുന്ന, സമാധാനം നിറഞ്ഞുതുളുമ്പുന്ന, സൗരഭ്യം പരത്തുന്ന പൂന്തോപ്പായി കുടുംബങ്ങൾ സജീവമാകുമ്പോൾ സഭ ശക്തിപ്പെടും. പ്രതിസന്ധികളും പ്രതിബന്ധങ്ങളും ആക്ഷേപ അവഹേളനങ്ങളുമുണ്ടാകാം. പക്ഷേ, ദൈവത്തിലാശ്രയിച്ച്, അവിടുത്തെ ഹിതമനുസരിച്ച് പ്രവർത്തിക്കുന്ന ദൈവമക്കളെ ഇത്തരം വെല്ലുവിളികൾ തളർത്തുകയില്ല. ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുന്നവർക്ക് ഭൗതിക ശക്തികളെയൊന്നും ഭയപ്പെടേണ്ടതായിട്ടില്ല. സഭയുടെ സംരക്ഷകരായി, വിശ്വാസത്തിന്റെ കാവൽഭടന്മാരായി പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ മാറണമെന്ന് മാർ അറയ്ക്കൽ ഉദ്ബോധിപ്പിച്ചു.

# ഡോക്ടർമാർ ഗർഭഛിദ്രം നിർദ്ദേശിച്ച കുഞ്ഞിന് അത്ഭുത രോഗസൗഖ്യം; ദൈവത്തിന് നന്ദിപറഞ്ഞ് അമേരിക്കൻ താരം

ന്യൂയോർക്ക്: ജനപ്രീതിയാർജിച്ച അമേരിക്കൻ ടെലിവിഷൻ പരമ്പരയായ സതേൺ ചാം മിലെ കാസ്റ്റിംഗ് താരമായ ജെന്നിഫർ സ്നോഡൻ തന്റെ മകനായ ആഷറിന്റെ ജനനത്തെക്കുറിച്ചും,



അവന്റെ അത്ഭുതകരമായ സൗഖ്യത്തെക്കുറിച്ചും നടത്തിയ വെളിപ്പെടുത്തൽ മാധ്യമശ്രദ്ധയാകർഷിക്കുന്നു. ബ്രിട്ടീഷ് മാധ്യമമായ ഡെയിലി മെയിലിൽ പ്രത്യക്ഷപ്പെട്ട ലേഖനത്തിലൂടെയാണ് സ്നോഡന്റെ മകനായ കുഞ്ഞു ആഷറിന്റെ അത്ഭുതകരമായ രോഗശാന്തിയെക്കുറിച്ച് ലോകം അറിഞ്ഞത്. ഗർഭിണിയായി പതിനഞ്ച് ആഴ്ച കഴിഞ്ഞപ്പോഴാണ് എൻസെഫാലോസെല എന്ന അപൂർവ്വ രോഗത്തിനു തന്റെ ഉള്ളിലെ ശിശു അടിമയാണെന്ന സത്യം ഡോക്ടർമാരിൽ നിന്നും ജന്നിഫർ അറിയുന്നത്.

തലച്ചോറിന്റെ ഒരു ഭാഗം തലയോട്ടിക്ക് പുറത്തേയ്ക്ക് വരുന്ന വളരെ അപൂർവ്വമായ ഒരു രോഗാവസ്ഥയായിരുന്നു അത്. ഇരുപത്തിമൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ മുതൽ ഭർത്താവും കുടുംബവും ഡോക്ടറും അടക്കം എല്ലാവരും അബോർഷൻ നടത്തുവാൻ അവളെ പ്രേരിപ്പിച്ചു. എന്നാൽ സ്നോഡനോട് ദൈവം ഒരു ഹെയർസ്റ്റൈലിസ്റ്റിലൂടെ സംസാരിച്ചു. ഉദരത്തിൽവെച്ചും അത്ഭുതം പ്രവർത്തിക്കുവാൻ ദൈവത്തിനു സാധിക്കും എന്നു പറഞ്ഞുകൊണ്ട് സ്നോഡന്റെ ഹെയർസ്റ്റൈലിസ്റ്റ് അവൾക്ക് കൂടുതൽ ധൈര്യം നൽകി.

ഗർഭഛിദ്രപേപ്പറുകൾ വലിച്ചുകീറിയ അവൾ ഓരോ രാത്രിയിലും വിശുദ്ധ യൗസേപ്പിതാവിന്റെയും ഗർഭവതികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജെരാർദിന്റെയും നൊവേന ചൊല്ലുന്നത് പതിവാക്കി. ദൈവം തന്റെ കുഞ്ഞിനെ സുഖപ്പെടുത്തുകയാണെങ്കിൽ ഈ അത്ഭുതം സതേൺ ചാം പരമ്പരയിലൂടെ ലോകത്തെ അറിയിക്കുമെന്ന് താൻ ദൈവത്തിന് വാഗ്ദാനം നല്കിയതായി സ്നോഡൻ വെളിപ്പെടുത്തി. പ്രസവത്തിന് രണ്ടുമാസം മുമ്പ് നടത്തിയ എംആർഐ സ്കാനിംഗിലാണ് ഉദരത്തിൽ നടന്ന അത്ഭുതത്തെക്കുറിച്ച് താൻ അറിയുന്നതെന്ന് സ്നോഡൻ പറയുന്നു.

ആഷറിന്റെ രോഗം പൂർണ്ണമായും ഭേദമായിരിക്കുന്നു. ആഷറിന്റെ തലച്ചോർ സ്വയം ചികിത്സിക്കുന്നത് പോലെ സൗഖ്യപ്പെട്ടെന്നാണ് സ്നോഡൻ വിശേഷിപ്പിക്കുന്നത്. പ്രസവത്തിനുശേഷം അഞ്ചാം ദിവസമാണ് അമ്മയും മകനും വീട്ടിലെത്തിയത്. ഇത്തരം അവസ്ഥയിലൂടെ കടന്നുപോകുന്ന മറ്റുള്ള സ്ത്രീകൾക്ക് പുതുപ്രതീക്ഷയ്ക്ക് കുഞ്ഞ് ആഷർ കാരണമാകണമെന്നാണ് തന്റെ ആഗ്രഹമെന്നും സ്നോഡൻ പറഞ്ഞു.

# സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാനുള്ള ആഹ്വാനവുമായി കത്തോലിക്കാ സഭ

**ജോസ് കുമ്പിളുവേലിൽ, ജർമ്മനി**



വത്തിക്കാൻസിറ്റി: സഭാ പ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും സ്ത്രീ പ്രാതിനിധ്യം വർധിപ്പിക്കാനും തുല്യത ഉറപ്പാക്കാനുമുള്ള ആഹ്വാനവുമായി ഒരു മാസം ദീർഘിച്ച കത്തോലിക്കാ സഭാ സിനഡ് സമാപിച്ചു. ലൈംഗിക പീഡന പരാതികൾ ലോകത്തെ വ്യത്യസ്ത രാജ്യങ്ങളിൽ സഭയുടെ പേരിന് കളങ്കമായിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സംഭവങ്ങളിൽ ശക്തമായ നടപടിയുണ്ടാകണമെന്നും വത്തിക്കാനിൽ ചേർന്ന യോഗം അംഗീകരിച്ച അന്തിമരേഖ ആവശ്യപ്പെട്ടു.

ഒക്ടോബർ മൂന്നിന് ആരംഭിച്ച സുഹദോസിൽ 300ലേറെ ബിഷപ്പുമാരും പുരോഹിതന്മാരും കന്യാസ്ത്രീകളും പങ്കെടുത്തു. യുവജനങ്ങളെ അഭിമുഖീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളുടെ അടിസ്ഥാനത്തിൽ സഭയുടെ ഘടനയിൽ സുതാര്യത വരുത്തണമെന്നും ചില പള്ളി മേധാവികളുടെ വരേണ്യ സംസ്കാരം ഇല്ലാതാക്കണമെന്നും അഭിപ്രായമുയർന്നു. എന്നാൽ, സ്വവർഗ ലൈംഗികതയുമായി ബന്ധപ്പെട്ട വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉയർന്നതിനാൽ അവസാന രേഖയിൽ ഇതുസംബന്ധിച്ച് പരാമർശമുണ്ടായില്ല. സ്ത്രീകളടക്കമുള്ളവർ പങ്കാളികളായ ചർച്ചയിൽ പുരുഷൻമാർക്കു മാത്രമാണ് വോട്ടവകാശം. യോഗത്തിൽ അംഗീകരിച്ച രേഖ മാർപാപ്പ പരിശോധിച്ച് പുറത്തിറക്കും.

# യുവജനങ്ങൾക്ക് നല്ല മാർഗ്ഗദർശികളുണ്ടാകണം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

വത്തിക്കാൻ സിറ്റി: ആധുനികലോകത്തിന്റെ ദുർഘടമായ സാഹചര്യങ്ങളിൽ ജീവിതം നയിക്കുന്ന യുവജനങ്ങൾക്ക് അവരുടെ ജീവിതാന്തസുകളും ഉദ്യോഗങ്ങളും തെരഞ്ഞെടുക്കുന്നതിന് പ്രഗല്ഭരായ മാർഗ്ഗദർശികളുടെ സഹായം ആവശ്യമാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. റോമിൽ യുവജനങ്ങൾക്കായുള്ള സിനഡിൽ സംസാരിക്കുകയായിരുന്നു മാർ ആലഞ്ചേരി. ദൈവവിളികൾ തെരഞ്ഞെടുക്കാനും അതനുസരിച്ചുള്ള ജീവിതം പരിശീലിപ്പിക്കാനും പ്രബോധകരേയും ആത്മീയ ഗുരുക്കന്മാരേയും പ്രയോജനപ്പെടുത്തുന്ന പതിവ് സഭയിലുണ്ട്. അതു കൂടാതെ മനഃശാസ്ത്രത്തിലും സാങ്കേതികവിദ്യകളിലും അവഗാഹം നേടിയ മാർഗദർശികളെയും ഇന്ന് ആവശ്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



ആദിമസഭയിൽ ഗ്രീക്കുകാരുടെ വിധവകൾക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുന്നതിന് സഭ ഡീക്കന്മാരെ നിയോഗിച്ചതായി അപ്പസ്തോലപ്രവർത്തനത്തിൽ പറയുന്നുണ്ട്. അതുപോലെ പരിശുദ്ധാത്മാവ് സഭയിലെ ആവശ്യങ്ങൾക്കനുസരിച്ച് ചിലരെ പ്രവാചകന്മാരായും അധ്യാപകരായും അത്ഭുതപ്രവർത്തകരായും രോഗശാന്തിവരമുള്ളവരായും ഉപദേശകരായും ഭാഷാവരത്തിൽ സംസാരിക്കുന്നവരായും ഒക്കെ നിയോഗിക്കുന്നുവെന്ന് പൗലോസ് ശ്ലീഹായും പറയുന്നുണ്ട്.

ഇപ്രകാരം ആധുനികസഭയിൽ വിവേകവും വിശുദ്ധിയുമുള്ള ആളുകളെ വിവിധ ശുശ്രൂഷകൾക്കായി നിയോഗിച്ചാൽ ജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി നട്ടംതിരിയുന്ന യുവതീയുവാക്കന്മാർക്ക് അതു സഹായകമാകും. ഇത്തരത്തിലുള്ള മാർഗ്ഗദർശനങ്ങൾ സമൂഹത്തിലെ പൊതുസേവനങ്ങൾ വിശിഷ്യ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക രംഗങ്ങളിലെ സേവനങ്ങൾക്കായി വളരുന്ന തലമുറയെ പരിശീലിപ്പിക്കാൻ ഉപകരിക്കുമെന്നു കർദ്ദിനാൾ പറഞ്ഞു.

**ദൈവവിളികൾ തെരഞ്ഞെടുക്കാനും അതനുസരിച്ചുള്ള ജീവിതം പരിശീലിപ്പിക്കാനും പ്രബോധകരേയും ആത്മീയ ഗുരുക്കന്മാരേയും പ്രയോജനപ്പെടുത്തുന്ന പതിവ് സഭയിലുണ്ട്. അതു കൂടാതെ മനഃശാസ്ത്രത്തിലും സാങ്കേതികവിദ്യകളിലും അവഗാഹം നേടിയ മാർഗദർശികളെയും ഇന്ന് ആവശ്യമാണ്.**

# കർഷകരെ സംരക്ഷിക്കാത്ത സംസ്ഥാന കൃഷിവകുപ്പ് സമ്പൂർണ്ണ പരാജയം: ഇൻഫാം

കോട്ടയം: കർഷകരെയും കാർഷികമേഖലയെയും സംരക്ഷിക്കുവാൻ ശ്രമിക്കാതെ നിരന്തരം പ്രഖ്യാപനങ്ങൾ നടത്തി കർഷകരെ വഞ്ചിക്കുന്ന സംസ്ഥാന കൃഷിവകുപ്പ് സമ്പൂർണ്ണ പരാജയമാണെന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ. വി.സി.സെബാസ്റ്റ്യൻ.

പ്രളയത്തിലും പ്രകൃതിദുരന്തത്തിലുംപെട്ട കർഷകർക്ക് ദുരിതാശ്വാസമല്ല നഷ്ടപരിഹാരമാണ് വേണ്ടത്. 10000 രൂപയുടെ പ്രഖ്യാപിത ദുരിതാശ്വാസം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിലും കാർഷികമേഖലയിലെ നഷ്ടങ്ങൾ നിർണ്ണയിക്കുന്നതിലും വൻ ഉദ്യോഗസ്ഥവീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്.

കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടും ജപ്തിനടപടികളുമായി ബാങ്കുകൾ നീങ്ങുന്നത് ധിക്കാരപരമാണ്. 2018 ഒക്ടോബർ 12ന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വിദ്യാഭ്യാസ വായ്പകൾ ഉൾപ്പെടെ എല്ലാ വായ്പകളിന്മേലുള്ള ജപ്തിനടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിറക്കിയ ഉത്തരവിനെ ഉദ്യോഗസ്ഥരും ധനകാര്യസ്ഥാപനങ്ങളും പുറന്തള്ളുന്നത് ഭരണസംവിധാനതകർച്ചയാണ്. പാലക്കാട് കർഷകജപ്തിയെ ചോദ്യംചെയ്ത കർഷകനേതാക്കളെ ജയിലിലടച്ചു. വയനാട്ടിൽ കർഷകഭൂമിയിൽ റവന്യൂവകുപ്പ് കയ്യേറ്റം തുടരുന്നു. കർഷകരെ കള്ളക്കേസുകളിൽ കുടുക്കുന്നത് സംസ്ഥാനത്ത് നിത്യസംഭവമാണിപ്പോൾ. സർഫാസി നിയമം അട്ടിമറിച്ച് കർഷകദ്രോഹം തുടരുന്നു. വിലത്തകർച്ചയും കടക്കെണിയും മൂലം കർഷക ആത്മഹത്യകൾ കേരളത്തിൽ ആവർത്തിക്കുമ്പോൾ മുഖംതിരിഞ്ഞു നിൽക്കുന്ന സംസ്ഥാന കൃഷിമന്ത്രാലയത്തിന്റെ ദ്രോഹനിലപാട് എതിർക്കപ്പെടേണ്ടതാണ്.

നെൽകൃഷി വ്യാപിപ്പിക്കണമെന്ന് പ്രസംഗിക്കുന്നവർ കർഷകർക്ക് നെൽവിത്തുനൽകാതെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുവാൻ ഉപദേശിക്കുന്നതിൽ നീതീകരണമില്ല. പുഞ്ചകൃഷിക്ക് ഏക്കറൊന്നിന് 50 കിലോഗ്രാം വിത്ത് സൗജന്യമായി നൽകുമെന്ന കൃഷിമന്ത്രിയുടെ പ്രഖ്യാപനം പാഴ്‌വാക്കായി മാറി. കേന്ദ്ര സർക്കാർ നെല്ല് വിലയിൽ 2 രൂപ വർദ്ധിപ്പിച്ചതിൻപ്രകാരം 23.30 രൂപ അടിസ്ഥാന വില നൽകുവാനും നെല്ലുസംഭരണം സമയബന്ധിതമായി നടപ്പാക്കാനും സാധിക്കാത്ത കൃഷിവകുപ്പിന്റെ കർഷകസ്നേഹവും കർഷകക്ഷേമപ്രഖ്യാപനങ്ങളും കാപട്യമാണെന്നും നിലനിൽപിനായി കർഷകർ വിളമാറ്റത്തിലേയ്ക്ക് തിരിയണമെന്നും സെബാസ്റ്റ്യൻ പറഞ്ഞു.

# കർഷക ആത്മഹത്യകളെ സർക്കാർ നിസാരവൽക്കരിച്ചാൽ സംയുക്ത കർഷകപ്രക്ഷോഭം

കൊച്ചി: കടക്കെണിയും ഉദ്യോഗസ്ഥപീഢനവും മൂലം കേരളത്തിലെ മലയോരമേഖലകളിൽ കർഷകർ തുടർച്ചയായി ആത്മഹത്യ ചെയ്യുന്നതിനെ സംസ്ഥാന സർക്കാർ നിസാരവൽക്കരിക്കുന്നുവെന്നും കർഷക കടങ്ങളിൽ മൊറട്ടോറിയമല്ല മറിച്ച് എഴുതിത്തള്ളുകയാണ് വേണ്ടതെന്നും ഇൻഫാം ദേശീയ സമിതി ആവശ്യപ്പെട്ടു.

വയനാട്ടിൽ വനംവകുപ്പ് കർഷകരെ നിരന്തരം കള്ളക്കേസുകളിൽ കുടുക്കുകയാണ്. കർഷകരുടെ കൃഷിഭൂമി കൈയേറുന്ന ക്രൂരതയാണ് വനം-റവന്യൂ വകുപ്പുകൾ തുടരുന്നത്. സർക്കാർ രേഖകളിൽ പോലും കൃത്രിമത്വം കാണിച്ച് കർഷകപീഢനം തുടരുന്നതിനെ കർഷക സംഘടനകൾ സംഘടിച്ചു നേരിടേണ്ട സ്ഥിതിവിശേഷമാണുള്ളത്. കർഷക കടങ്ങളിൽ മൊറട്ടോറിയമേർപ്പെടുത്തുമെന്ന് നിരന്തരമുള്ള പ്രഖ്യാപനങ്ങൾക്കപ്പുറം നടപടിക്രമങ്ങളില്ലാത്തത് കർഷകരിൽ നിരാശയുളവാക്കുന്നു. ഒരു വർഷത്തേയ്ക്ക് വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചാൽ പോലും കൃഷിയിൽനിന്ന് ആദായമെടുത്ത് തിരിച്ചടവ് ഇപ്പോഴത്തെ സാഹചര്യത്തിൽ കർഷകർക്കാവില്ല. കൃഷിയിറക്കാൻപോലും പണമില്ലാതെ കർഷകർ തകർന്നിരിക്കുമ്പോൾ കടമെങ്ങനെ തിരിച്ചടയ്ക്കുമെന്നും സർക്കാരും ബാങ്ക് അധികൃതരും ഗൗരവമായി ചിന്തിക്കണം. സർഫാസി ആക്ട് ഉൾപ്പെടെ നിയമനടപടികൾ ഉപേക്ഷിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ കർഷകപ്രസ്ഥാനങ്ങളുടെ ദേശീയ ഐക്യവേദിയായ രാഷ്ട്രീയ കിസാൻ മഹാസംഘിന്റെ നേതൃത്വത്തിൽ സംയുക്ത കർഷകപ്രക്ഷോഭത്തെ സംസ്ഥാന സർക്കാർ നേരിടേണ്ടിവരും.

**ഒരു വർഷത്തേയ്ക്ക് വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചാൽ പോലും കൃഷിയിൽനിന്ന് ആദായമെടുത്ത് തിരിച്ചടവ് ഇപ്പോഴത്തെ സാഹചര്യത്തിൽ കർഷകർക്കാവില്ല.**

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കർഷക കടങ്ങൾ എഴുതിത്തള്ളുവാൻ പ്രക്ഷോഭം നടത്തുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരളത്തിൽ കർഷകവിരുദ്ധ നിലപാടുമായി നീങ്ങുന്നത് നിരാശാജനകമാണെന്നും കർഷകരുടെ കടങ്ങളൊന്നാകെ എഴുതിത്തള്ളാൻ തയ്യാറാകണമെന്നും ഇൻഫാം അഭ്യർത്ഥിച്ചു.



സീറോ മലബാർ സഭ അല്മായ കൗൺസിലിന്റെ നേതൃത്വത്തിൽ പാലാരിവട്ടം പിഒസിയിൽവെച്ച് നടന്ന അല്മായ നേതൃസമ്മേളനം കൂരിയബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.എം.പി.ജോസഫ്, ഫാ.വർഗീസ് വള്ളിക്കാട്ട്, സാബു ജോസ്, ഷെവലിയർ എഡ്വേർഡ് എടേഴത്ത്, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, അഡ്വ.ജോസ് വിതയത്തിൽ എന്നിവർ സമീപം.

# സുവിശേഷചൈതന്യം നിറഞ്ഞ അല്മായ മുന്നേറ്റങ്ങൾ ഈ കാലഘട്ടത്തിന്റെ ആവശ്യം:

## മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ

കൊച്ചി: ഭാരതത്തിന്റെ വികസനത്തിനും സഭയുടെ പുരോഗതിക്കും നന്മകൾക്കും സുവിഷേഷചൈതന്യം നിറഞ്ഞ അല്മായ മുന്നേറ്റങ്ങൾ സജീവമായി പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സീറോ മലബാർ സഭ കൂരിയബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പറഞ്ഞു. സീറോ മലബാർ സഭ അല്മായ കൗൺസിലിന്റെ നേതൃത്വത്തിൽ പാലാരിവട്ടം പിഒസിയിൽവെച്ച് നടന്ന അല്മായ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിലും സഭയിലും ഒരുപോലെ സ്വാധീനമുള്ള നേതാക്കളിൽ നിന്ന് ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യനെ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യയുടെ പ്രഥമ അല്മായ കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചതിൽ ഏവരും സന്തോഷിക്കുന്നുവെന്ന് മാർ വാണിയപ്പുരയ്ക്കൽ പറഞ്ഞു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു.

ഭാരത സഭയുടെ അല്മായ മുന്നേറ്റങ്ങളും സാധ്യതകളും എന്നവിഷയത്തിൽ ഷെവ.വി.സി.സെബാസ്റ്റ്യൻ പ്രബന്ധം അവതരിപ്പിച്ചു. കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യയുടെ പ്രഥമ ലെയ്റ്റി കൗൺസിൽ സെക്രട്ടറിയായി നിയമിതനായ ഷെവ.വി.സി.സെബാസ്റ്റ്യനെ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും, മുൻ ജോയിൻ സെക്രട്ടറിയായ ഷെവലിയർ എഡ്വേർഡ് എടേഴത്തിനെ ഫാ.വർഗീസ് വള്ളിക്കാട്ടിലും, കെസിബിസി പ്രോലൈഫ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സാബു ജോസിനെ ഷെവലിയർ വി.സി.സെബാസ്റ്റ്യനും പൊന്നാടയണിയിച്ച് ആദരിച്ചു.

മുൻ ജില്ലാ കളക്ടർ എം.പി.ജോസഫ് മുഖ്യപ്രഭാഷണം നടത്തി. സീറോ മലബാർ സഭ ലെയ്റ്റി ഫോറം സെക്രട്ടറി അഡ്വ.ജോസ് വിതയത്തിൽ, ഷെവലിയർ സിബി വാണിയപ്പുരയ്ക്കൽ, ജോസഫ് ആഞ്ഞിപ്പറമ്പിൽ, അഡ്വ.ചാർലി പോൾ, ഡോ.കൊച്ചുറാണി ജോസഫ്, അഡ്വ.പി.പി. ജോസഫ്, സെബാസ്റ്റ്യൻ വടശ്ശേരി, പ്രൊഫ. ഇ.എ.വർഗീസ്, ജോസ് മാത്യു ആനിത്തോട്ടം, സിജോ പൈനാടത്ത്, ബിനു ചാക്കോ, അനിൽ ജോർജ്, ഡെന്നി തെക്കിനേടത്ത്, ജോയി തോമസ്, ലക്സി ജോയി, ബ്രദർ അമൽ എന്നിവർ സംസാരിച്ചു.

# കെസിബിസി പ്രൊ-ലൈഫ് സമിതിക്കു പുതിയ നേതൃത്വം

## സാബു ജോസ് പ്രസിഡന്റ്, അഡ്വ. ജോസി സേവ്യർ ജനറൽ സെക്രട്ടറി

കൊച്ചി: മനുഷ്യജീവന്റെ സമഗ്രസംരക്ഷണത്തിനും മഹത്വത്തിനും പൂർണതക്കുമായി കേരളത്തിലെ 32 കത്തോലിക്കാരൂപതകളിലൂടെ പ്രവർത്തിക്കുന്ന കെസിബിസി പ്രൊ-ലൈഫ് സമിതിക്കു പുതിയ സംസ്ഥാന നേതൃത്വം. സംസ്ഥാന പ്രസിഡന്റായി സാബു ജോസ് (എറണാകുളം-അങ്കമാലി അതിരൂപത, സീറോ മലബാർ സഭയുടെ പ്രൊ-ലൈഫ് അപ്പോസ്തലേറ്റ് സെക്രട്ടറി, പബ്ലിക് അഫയേഴ്സ് സമിതി അംഗം, ന്യൂമാൻസ് അസോസിയേഷൻ കേരള ചാപ്റ്റർ വൈസ് പ്രസിഡന്റ്, ഗുഡ് ന്യൂസ് കമ്യൂണിക്കേഷൻസ് ഡയറക്ടർ എന്നീ പദവികളിലും പ്രവർത്തിച്ചുവരുന്നു. കെസിബിസി പ്രൊ-ലൈഫ് സമിതി ജനറൽ സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ജോയിന്റ് സെക്രട്ടറി, എറണാകുളം അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ പബ്ലിക് അഫയേഴ്സിന്റെ കൺവീനർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്നു, പാലാരിവട്ടം സെന്റ് മാർട്ടിൻ ഇടവകാംഗം), ജനറൽ സെക്രട്ടറി അഡ്വ. ജോസി സേവ്യർ (കൊച്ചി രൂപത, 'പ്രൊ എക്ലേഷ്യ എത്ത് പൊന്തിഫിച്ചെ' എന്ന ബഹുമതി ഫ്രാൻസിസ് മാർപാപ്പയിൽനിന്നും ലഭിച്ചിട്ടുണ്ട്. കെ.ആർഎൽസിസി ലെയ്റ്റി കമ്മീഷൻ അംഗം, കൊച്ചിരൂപത സമുദായ കാര്യലയം പിആർഒ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. തോപ്പുംപടി സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗം) എന്നിവരെ തിരഞ്ഞെടുത്തു.



സാബു ജോസ്



അഡ്വ. ജോസി സേവ്യർ

# കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷകദ്രോഹനടപടികൾക്കെതിരെ പ്രക്ഷോഭം: രാഷ്ട്രീയ കിസാൻ മഹാസംഘ്

കൊച്ചി: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷകദ്രോഹനടപടികൾക്കെതിരെ സംഘടിതപ്രക്ഷോഭമാരംഭിക്കുവാൻ കർഷകസംഘടനകളുടെ ഐക്യവേദിയായ രാഷ്ട്രീയ കിസാൻ മഹാസംഘിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ ചേർന്ന കർഷകനേതാക്കളുടെ നേതൃസമ്മേളനം തീരുമാനിച്ചു.

രാജ്യാന്തര വ്യാപാരക്കരാറിലൂടെ നികുതിരഹിത കാർഷികോല്പന്നങ്ങളുടെ ഇറക്കുമതിക്ക് വഴിയൊരുക്കി കേന്ദ്ര സർക്കാർ കാർഷികമേഖലയെ തീറെഴുതുകയാണെന്ന് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് രാഷ്ട്രീയ കിസാൻ മഹാസംഘ് സംസ്ഥാന ചെയർമാൻ വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

കടക്കെണിയും വിലത്തകർച്ചയും മൂലം കർഷക ആത്മഹത്യകൾ വർദ്ധിക്കുന്നു. കോർപ്പറേറ്റുകളെ സംരക്ഷിക്കുന്നവർ കർഷകരെ തെരുവിലേയ്ക്ക് വലിച്ചെറിയുന്ന ക്രൂരത തുടരുന്നു. ഭരണനേതൃത്വവും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ലംഘിക്കുക മാത്രമല്ല, എക്കാലത്തെയും വലിയ തകർച്ചയാണ് കാർഷികമേഖല നേരിടുന്നത്.

സംസ്ഥാന സർക്കാരും കാർഷിക വിഷയങ്ങളിൽനിന്ന് ഒളിച്ചോടുകയാണ്. പ്രളയദുരന്തത്തിൽ ആശ്വാസമല്ല നഷ്ടപരിഹാരമാണ് കർഷകർക്കുവേണ്ടത്. വന്യമൃഗശല്യം അതിരൂക്ഷമാണ്. വനം റവന്യൂ വകുപ്പുകൾ കർഷകഭൂമി കൈയ്യേറുന്നു. കർഷകരെ കള്ളക്കേസുകളിൽ കുടുക്കി ജയിലിലടയ്ക്കുന്നു. വിലത്തകർച്ചയിൽ ചെറുകിട റബർ കർഷകർക്ക് ആശ്വാസമായിരുന്ന റബർ വിലസ്ഥിരതാപദ്ധതി നിലച്ചിരിക്കുന്നു. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപനങ്ങൾക്കപ്പുറം പ്രാബല്യത്തിൽ വരുത്തുവാൻ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. നെല്ലുസംഭരണവും സംഭരണവിലയും പ്രഹസനമാകുന്നു. സമസ്ത മേഖലകളിലും ഉദ്യോഗസ്ഥ ധാർഷ്ഠ്യം അതിരുകടക്കുന്നു. തെരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യാനുള്ള ഉപകരണങ്ങൾ മാത്രമായി, രാഷ്ട്രീയ അടിമകളായി കർഷകർ മാറരുത്. ഈ സാഹചര്യത്തിൽ കർഷകർ സംഘടിച്ചു നീങ്ങേണ്ടത് അടിയന്തരമാണെന്ന് വി സി സെബാസ്റ്റ്യൻ പറഞ്ഞു.

രാഷ്ട്രീയ കിസാൻ മഹാസംഘ് വൈസ്ചെയർമാൻ ഡിജോ കാപ്പൻ അദ്ധ്യക്ഷത വഹിച്ചു. ദേശീയ കൺവീനർ കെ.വി.ബിജു മുഖ്യപ്രഭാഷണവും സംസ്ഥാന കൺവീനർ അഡ്വ.ബിനോയ് തോമസ് ആമുഖപ്രഭാഷണവും നടത്തി. ദേശീയ സംസ്ഥാന നേതാക്കളായ ഫാ.ജോസ് കാവനാടി, കൊല്ലം പണിക്കർ, വി.വി.അഗസ്റ്റിൻ, അഡ്വ.ജോൺ ജോസഫ്, ജോർജ് ജോസഫ് തെള്ളിയിൽ, ജോയി കണ്ണഞ്ചിറ, ജന്നറ്റ് മാത്യു, അഡ്വ.പി.പി.ജോസഫ്, ജോസ് മാത്യു ആനിത്തോട്ടത്തിൽ, രാജു സേവ്യർ, വി.ജെ.ജോൺ മാസ്റ്റർ, ജോസഫ്

**കടക്കെണിയും വിലത്തകർച്ചയുംമൂലം കർഷക ആത്മഹത്യകൾ വർദ്ധിക്കുന്നു. കോർപ്പറേറ്റുകളെ സംരക്ഷിക്കുന്നവർ കർഷകരെ തെരുവിലേയ്ക്ക് വലിച്ചെറിയുന്ന ക്രൂരത തുടരുന്നു. ഭരണനേതൃത്വവും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ലംഘിക്കുക മാത്രമല്ല, എക്കാലത്തെയും വലിയ തകർച്ചയാണ് കാർഷികമേഖല നേരിടുന്നത്.**

വടക്കേക്കര, ജയിംസ് ലൂക്കാ, ജി.കെ.മുണ്ടുപാലം, സെയ്ദ് അലവി എന്നിവർ സംസാരിച്ചു.

കേരളത്തിലെ 14 ജില്ലകളിലും കർഷകനേതൃസമ്മേളനങ്ങൾ ചേരും. ആർസിഇപി കരാറിനെതിരെ ജനകീയ ബോധവൽക്കരണവും സംഘടിതപ്രക്ഷോഭവും ആരംഭിക്കും. ഡിസംബറിൽ സംസ്ഥാന കർഷകസമ്മേളനം വിളിച്ചുചേർക്കുകയും പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി കർഷകപത്രിക പ്രഖ്യാപിക്കുകയും ചെയ്യും.



രാഷ്ട്രീയ കിസാൻ മഹാസംഘ് സംസ്ഥാന നേതൃസമ്മേളനം കൊച്ചി വി.വി.ടവർ ഓഡിറ്റോറിയത്തിൽ സംസ്ഥാന ചെയർമാൻ അഡ്വ.വി.സി.സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. ഫാ.ജോസ് കാവനാടി, കെ.വി.ബിജു, ഡിജോ കാപ്പൻ, അഡ്വ. ബിനോയ് തോമസ് എന്നിവർ സമീപം.



Dr. P.M. Chacko Palakunnel
Mob: 9746085144



# "ഈ മനുഷ്യൻ എന്റെ സ്വപ്നങ്ങൾ തകർത്തു"

അറുപതു വയസ്സായ ത്രേസ്യാമ്മയ്ക്ക് തന്റെ ഭർത്താവിന്റെ കാര്യം ഓർക്കുമ്പോൾ ദുഃഖവും രോഷവും ഒരുമിച്ച് ഉയർന്നുവരുന്നു. അയാളാണെന്റെ ജീവിതം തകർത്തതെന്നവൾ കണ്ണീരോടെ പറയുന്നു. എംഎബിഎഡ് കാരിയായ ത്രേസ്യാമ്മ പഠിക്കാൻ വളരെ സമർത്ഥയായിരുന്നു. പാട്ട്, ഡാൻസ്, ചിത്രരചന എന്നിവയ്ക്ക് സ്കൂൾ കോളജ് തലങ്ങളിൽ ധാരാളം സമ്മാനങ്ങൾ വാരിക്കൂട്ടിയിരുന്നു. എല്ലാവരെയും സ്വാധീനിക്കാൻ അവൾക്ക് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. ഒരു കോളജ് അദ്ധ്യാപികയാകാനായിരുന്നു അവളുടെ ആഗ്രഹം. അതിനുവേണ്ടി അവൾ അക്ഷീണം യത്നിച്ചുകൊണ്ടിരുന്നപ്പോഴാണ് അപ്രതീക്ഷിതമായി ഒരു വിവാഹാലോചന വന്നത്. എഞ്ചിനീയറും ഗൾഫിൽ ഉന്നത ഉദ്യോഗസ്ഥനുമായ ഒരു ചെറുപ്പക്കാരനുമായി വിവാഹം ഉറപ്പിച്ചു. ത്രേസ്യാമ്മയ്ക്ക് അയാളുമായി നേരിട്ട് അധികം സംസാരിക്കാൻ അവസരം ലഭിച്ചില്ല. മാതാപിതാക്കൾ അവരുടെ അടുത്ത ഒരു സ്നേഹിതനേക്കൊണ്ട് അന്വേഷിപ്പിച്ചപ്പോൾ എല്ലാം ശരിയാണെന്ന മറുപടിയാണ് ലഭിച്ചത്. വീണ്ടും ത്രേസ്യാമ്മയുടെ നിർബന്ധപ്രകാരം ഫോണിൽകൂടി നേരിട്ട് അന്വേഷിച്ചപ്പോഴും എഞ്ചിനീയറാണെന്നും നല്ല ജോലിയാണെന്നും തന്നെ ഉറപ്പിച്ചു പറഞ്ഞു. കുറച്ചുകാലം ത്രേസ്യാമ്മ നാട്ടിൽ നാട്ടിൽ കഴിഞ്ഞ് ഒരു കോളജ് ജോലി ഉറപ്പാക്കിയിട്ട് വന്നാൽ പോരേയെന്ന് ചോദിച്ചപ്പോൾ അതിന്റെയൊന്നും ആവശ്യമില്ല, ഒരാളുടെ ജോലികൊണ്ട് തന്നെ സുഖമായി ജീവിക്കാനുള്ള വകയുണ്ട് എന്നുപറഞ്ഞ് അയാൾ സംസാരം അവസാനിപ്പിച്ചു. ത്രേസ്യാമ്മ ഭർത്താവിനൊപ്പം ഗൾഫിൽ താമസമാക്കി. അയാൾ ഏതോ കമ്പനിയുടെ സെയിൽസ് ഏജന്റായി ജോലിചെയ്യുകയാണെന്നു മനസ്സിലായി. സാമാന്യം നല്ല ശമ്പളം ഉണ്ടായിരുന്നു എന്നത് ശരിയാണ്. ഒരു ദിവസം അയാൾ സ്ഥലത്തില്ലാതിരുന്നപ്പോൾ ത്രേസ്യാമ്മ അയാളുടെ ഫയലിലുണ്ടായിരുന്ന രേഖകൾ പരിശോധിച്ചു. പത്താംക്ലാസ് പാസ്സായ ശേഷം പ്രീഡിഗ്രിക്കു പഠിച്ചു തോറ്റെന്നും അതിനുശേഷം ഏതോ എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സിന് ചേർന്ന് അതും പൂർത്തിയാക്കാതെ പഠനം നിർത്തിയെന്നും മനസ്സിലായി. സത്യമറിഞ്ഞ ത്രേസ്യാമ്മ കടുത്ത നിരാശയിലായി. അയാളോട് അതേപ്പറ്റി ചോദിച്ചപ്പോൾ അയാൾ കയർത്തു. തനിക്കു ജോലിക്കുപോകണമെന്ന് ത്രേസ്യാമ്മ ആവശ്യപ്പെട്ടപ്പോൾ അപകർഷതാബോധം കൊണ്ട് നീ എന്നെക്കാൾ വലിയ ആളൊന്നും ആരണ്ട എന്നു പറഞ്ഞ് അയാൾ അതു നിഷേധിച്ചു. കുറച്ചു കഴിഞ്ഞ് ഗൾഫിലെ ജോലി നഷ്ടപ്പെട്ടു. ബാങ്കിൽ ഉണ്ടായിരുന്ന നിക്ഷേപം മുഴുവൻ എടുത്ത് ബിസിനസ്സ് തുടങ്ങി. ഒരു ബിസിനസ്സ് തുടങ്ങി പകുതിവഴിയാകുമ്പോൾ നഷ്ടമാണെന്നുപറഞ്ഞ് അടുത്ത ബിസിനസ്സിലേയ്ക്കു കടക്കും. ഇങ്ങനെ താമസിച്ചിരുന്ന സ്ഥലം വരെ വിറ്റു. ഇതിനിടെ മക്കൾ പഠിച്ച് വലിയ കുഴപ്പമില്ലാത്ത ജോലികളും സമ്പാദിച്ചു. അയാൾ മദ്യപാനവും ചീട്ടുകളിയുമായി ജീവിതം തുടരുന്നു. മക്കൾ ചോദിക്കാറുണ്ട് അമ്മ എന്നാ കണ്ടോണ്ടാണ് ഈ വിവരദോഷിയെ കല്യാണം കഴിച്ചതെന്ന്.

വിവാഹം ആലോചിക്കുമ്പോൾ നമുക്ക് ലഭിക്കേണ്ട പങ്കാളിയെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരിക്കണം. ആ കാഴ്ചപ്പാടുകൾ ഭാവിപങ്കാളിയുടെ മുമ്പിൽ സമയമെടുത്ത് അവതരിപ്പിക്കണം. അപ്പോൾ ഭാവിപങ്കാളി സത്യസന്ധമായി ഉത്തരം കൊടുക്കാതിരിക്കുന്നത് ക്രൂരമായ ഒരു കുറ്റകൃത്യമാണ്. ഇല്ലാത്ത വിദ്യാഭ്യാസം, ധനം, കഴിവുകൾ ഇവ ഉണ്ടെന്നു ധരിപ്പിച്ച് വിവാഹം കഴിക്കരുത്. അത് രണ്ടുപേർക്കും ദോഷകരമാണ്. തനിക്കുള്ളവ വ്യക്തമായി തുറന്നുകാട്ടി അതിനുശേഷം ലഭിക്കുന്ന പങ്കാളിയെ സ്വീകരിക്കുന്നതാണ് ഉത്തമം. അതുകൊണ്ട് ഗുണം ഉണ്ടാകുമെന്നത് ഉറപ്പാണ്. മറിച്ച് എന്തെങ്കിലും നുണപറഞ്ഞാൽ തീർച്ചയായും ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്ന ദുരന്തമായി മാറും.

എല്ലാവർക്കും അവരവരുടേതായ തിരഞ്ഞെടുപ്പിന് സ്വാതന്ത്ര്യമുണ്ട്. എന്റെ പങ്കാളിക്ക് ഇത്ര വിദ്യാഭ്യാസ യോഗ്യത വേണമെന്ന് ഞാൻ നിർബന്ധമായും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതുവരെ കാത്തിരിക്കാനും തിരഞ്ഞെടുക്കാനും എന്നെ അനുവദിക്കാത്തതും എന്നെ തെറ്റിദ്ധരിപ്പിച്ച് കല്യാണം കഴിപ്പിയ്ക്കുന്നതും വഞ്ചനയാണ്.

ചിലർ വളരെ തമാശയായി സംസാരിക്കാറുള്ളതു ഞാൻ കേട്ടിട്ടുണ്ട്, അയാൾ ഉയരം എത്രയാണെന്നു ചോദിച്ചപ്പോൾ ഞാൻ അഞ്ചടി നാലിഞ്ചെന്ന് തട്ടിവിട്ടു; അത്രയും ഉണ്ടോയെന്ന് ചോദിച്ചപ്പോൾ ഉണ്ട് എന്ന് തറപ്പിച്ചു പറഞ്ഞു. യഥാർത്ഥത്തിൽ അഞ്ചടി ഒരു ഇഞ്ചേ ഉയരം ഉണ്ടായിരുന്നുള്ളൂ. അയാളുടെ കുടുംബത്തിൽ ഉയരം കുറഞ്ഞ ആളുകൾ ഉണ്ടായിരുന്നതിനാൽ കല്യാണം കഴിക്കുന്ന പെണ്ണിന് ഒരു നിശ്ചിത ഉയരത്തിനുമേൽ വേണമെന്ന് അയാൾക്കു നിർബന്ധമുണ്ടായിരുന്നു. കൂടാതെ അയാളുടെ സുഹൃത്തുക്കളുടെ ഭാര്യമാരൊക്കെ പൊക്കമുള്ളവരും ആയിരുന്നതിനാൽ പൊക്കമുള്ള പെൺകുട്ടികളോട് ഒരു ആരാധനാമനോഭാവവും ഉള്ളിലുണ്ടായിരുന്നു. ഇതു മനസിലാക്കാതെ പൊക്കം ഒരു നിസ്സാര കാര്യമായി തള്ളിയ പെൺകുട്ടി ഒരു കള്ളം പറഞ്ഞ് അയാളെ തെറ്റിദ്ധരിപ്പിച്ചു. അയാൾ അതു വിശ്വസിക്കുകയും ചെയ്തു. വിവാഹം കഴിഞ്ഞ് അയാൾക്ക് അതു കള്ളമാണെന്നു മനസ്സിലായി. എന്തിനാണ് നുണ പറഞ്ഞതെന്നു ചോദിച്ചപ്പോൾ ഇതാണോ വല്യ ആനക്കാര്യം, അല്ലെങ്കിലിപ്പം ഐശ്വര്യാ റായിയെക്കിട്ടിയേനേ എന്നുകൂടിപ്പറഞ്ഞ് അയാളെ കളിയാക്കി. അയാൾക്കതു വേദനിച്ചെങ്കിലും അയാൾ ഒന്നുംതന്നെ പറഞ്ഞില്ല. നമ്മുടെ കഷ്ടപ്പാടുകൾ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിച്ചു കാര്യം സാധിക്കാൻ കള്ളം പറയുന്നത് ആദ്ധ്യാത്മികതയ്ക്കു ചേർന്നതല്ല. പൊക്കവും തൂക്കവും പ്രായവുമൊക്കെ കൃത്യമായിത്തന്നെ പറയണം. കാരണം ഇവയൊക്കെ പിന്നീട് കൃത്യമായി തെളിയിക്കപ്പെടാവുന്നവയാണ്. പൊക്കത്തിലോ വണ്ണത്തിലോ പ്രായത്തിലോ എന്തുകാര്യം ഇരിക്കുന്നു എന്ന് നമുക്കു തോന്നിയേക്കാം. എന്നാൽ മറ്റേയാളിൽ അയാൾക്കുണ്ടായ അടിസ്ഥാനപരമായ അനുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ശക്തമായ ബോധ്യങ്ങളുടെ വെളിച്ചത്തിലായിരിക്കും അയാൾ അങ്ങനെയൊരു മാനദണ്ഡം വച്ചിരിക്കുന്നത്. അതു കള്ളം പറഞ്ഞ് വഞ്ചിച്ചുകൊണ്ട് നിരാകരിച്ചാൽ അയാളുടെ മനസ്സിൽ അത് ശാശ്വതമായ മുറിവ് ഏൽപ്പിച്ചേക്കാമെന്ന കാര്യം ഗൗരവമായി എടുക്കണം. അമ്മയെ അനുകരിച്ച് പെൺമക്കളും ഇത്തരം നുണകൾ ഭാവിപങ്കാളിയോട് പറഞ്ഞതായി എനിക്കറിയാം.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

90

# സഭ ആധുനിക ലോകത്തിൽ

**മനുഷ്യന്റെ പാപപങ്കിലമായ പ്രവർത്തനങ്ങൾ**-മാനുഷികപുരോഗതി വലിയ നേട്ടമാണെങ്കിലും അതവന് വലിയ പ്രലോഭനങ്ങളും സൃഷ്ടിക്കുന്നുണ്ടെന്നാണ് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നത്. യുഗയുഗാന്തരങ്ങളായി നീണ്ടുനിൽക്കുന്ന മനുഷ്യന്റെ അനുഭവങ്ങളും അതുതന്നെ കാരണം. മൂല്യങ്ങളുടെ അനുക്രമണത്തെ താറുമാറാക്കുമ്പോൾ, തിന്മയെ നന്മയോടുകൂടി കലർത്തുമ്പോൾ വ്യക്തികളും സമൂഹങ്ങളും പരഗുണത്തേക്കാൾ സ്വന്ത സുഖത്തിലും തൃപ്തിയിലുമായിരിക്കും കൂടുതൽ ശ്രദ്ധപതിക്കുന്നത്. അപ്പോൾ ലോകം യഥാർത്ഥ സാഹോദര്യത്തിന്റെ വാസസ്ഥലമല്ലാതായിത്തീരുന്നു. ഇക്കാലത്തു മനുഷ്യവംശത്തിനു കൈവന്നിട്ടുള്ള വർദ്ധമാനമായ കഴിവുകൾ മാനവവംശത്തെതന്നെ നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

അന്ധകാരശക്തികളോടുള്ള മനുഷ്യന്റെ ഘോരസമരം മാനവചരിത്രത്തിലുടനീളം തെളിഞ്ഞുകാണാം. കർത്താവ് ഉദീരണം ചെയ്തതുപോലെ ഈ സമരം ലോകാരംഭംമുതലുള്ളതും അന്തിമനാൾവരെ അങ്ങനെതന്നെ നിലനിൽക്കുന്നതുമാണ്. അപ്രകാരം സമരത്തിലേർപ്പെട്ടിരിക്കുന്ന മനുഷ്യൻ നന്മയോട് ഒട്ടിച്ചേർന്നുനിൽക്കണമെങ്കിൽ നിരന്തരമായ യുദ്ധംതന്നെ ചെയ്യണം. അതുപോലെ തന്നെ ധീരശ്രമവും ദൈവാനുഗ്രഹവും കൂടാതെ സ്വയം ജീവിതസമഗ്രതയിലെത്താൻ മനുഷ്യനു സാധിക്കുകയില്ല.

ഇക്കാരണത്താലാണ് ക്രിസ്തുവിന്റെ സഭ സ്രഷ്ടാവിന്റെ പദ്ധതിയിലാശ്രയിച്ച് മാനുഷിക പുരോഗതികളിലൂടെ മനുഷ്യനെ യഥാർത്ഥ ആനന്ദത്തിലേയ്ക്കാനയിക്കാൻ സാധിക്കുമെന്ന് അംഗീകരിക്കുന്നത്. *എന്നാൽ നിങ്ങൾ ഇഹലോകത്തോട് അനുരൂപരാകരുത്* (റോമ 12:2) എന്ന അപ്പസ്തോലവാക്യം വിസ്മരിക്കാൻ സഭയ്ക്ക് സാധിക്കുകയില്ല. ഇവിടെ ലോകം എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത് ദൈവത്തിന്റെയും മനുഷ്യരുടെയും സേവനത്തിനു വേണ്ടി ഉദ്ദേശിച്ചിരിക്കുന്ന മാനുഷികവ്യാപാരങ്ങളെ പാപത്തിനുപകരണമാക്കിത്തീർക്കുന്ന അഭിമാനഗർവ്വത്തിന്റെയും നിന്ദയുടെയും അരൂപിയെയാണ്.

ഈ ദുരവസ്ഥയെ എങ്ങനെ അതിജീവിക്കാൻ കഴിയുമെന്നു അന്വേഷിക്കുന്നവരോട് ഉത്തമക്രൈസ്തവർ പറയും അഹങ്കാരവും ക്രമരഹിതമായ സ്വാർത്ഥസ്നേഹവുംമൂലം അനുദിനം അപകടത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യന്റെ എല്ലാ വ്യാപാരങ്ങളും ക്രിസ്തുവിന്റെ കുരിശുമരണവും ഉത്ഥാനവുംവഴി പാവനമാക്കി പരിപൂർണ്ണതയിലെത്തിക്കുകയെന്ന്. ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട്



പരിശുദ്ധാത്മാവിനാൽ പുതിയൊരു സൃഷ്ടിയായിത്തീർന്ന മനുഷ്യനു ദൈവസൃഷ്ടങ്ങളായ എല്ലാവസ്തുക്കളേയും സ്നേഹിക്കാനുള്ള കഴിവുണ്ട്; സ്നേഹിക്കുകയും വേണം. സൃഷ്ടവസ്തുക്കൾ ദൈവത്തിൽ നിന്ന് സ്വീകരിക്കുകയും ദൈവതൃക്കരങ്ങളിൽ നിന്നും അനുസ്യൂതം പ്രവഹിക്കുന്ന ദാനങ്ങളെന്ന നിലയിൽ അവയെ ബഹുമാനാദരങ്ങളോടെ വീക്ഷിക്കുകയും ചെയ്യണം. സൃഷ്ടവസ്തുക്കളെ നൽകിയ ആ നല്ല ദാതാവിന്റെ നേരെയുള്ള കൃതജ്ഞതയാൽ ഹൃദയങ്ങൾ നിറയണം. അനാസക്തിയോടും സ്വാതന്ത്ര്യബോധത്തോടുംകൂടി അവയെ ഉപയോഗിക്കുകയും ആസ്വദിക്കുകയും വേണം. അങ്ങനെ യാതൊന്നും ഇല്ലാത്തവനെങ്കിലും എല്ലാമുള്ളവനെപ്പോലെ ലോകത്തെ യഥാർത്ഥമായി കൈയടക്കാൻ മനുഷ്യൻ ശക്തനായിത്തീരും. *എല്ലാം നിങ്ങളുടേതാണ്; നിങ്ങളോ ക്രിസ്തുവിന്റേതും; ക്രിസ്തു ദൈവത്തിന്റേതും* (1 കോറി.3:22-23).

**പെസഹാരഹസ്യത്തിൽ പൂർത്തിയാക്കപ്പെടുന്ന മാനുഷികപ്രവർത്തനങ്ങൾ**-എല്ലാ വസ്തുക്കൾക്കും അസ്തിത്വം നൽകിയ ദൈവവചനം സ്വയം മാംസമെടുത്ത് ഭൂമിയിൽ മനുഷ്യരോടൊത്തു വസിച്ച അതേ അവിടുന്ന് സമ്പൂർണ്ണ മനുഷ്യനെന്ന നിലയിൽ ലോകചരിത്രത്തിൽ രംഗപ്രവേശം ചെയ്യുകയും, ആ ചരിത്രത്തെ തന്നിൽ കേന്ദ്രീകരിക്കുകയും സമാഹരിക്കുകയും ചെയ്തു. ദൈവം സ്നേഹമാണെന്ന് അവിടുന്ന് നമുക്ക് വെളിപ്പെടുത്തിത്തന്നു. അതേസമയം മനുഷ്യന്റെ പൂർണ്ണതയുടെയും തജ്ജന്യമായി ലോകത്തിന്റെ ദൈവത്തിലേയ്ക്കുള്ള രൂപാന്തരീഭാവത്തിന്റെയും അടിസ്ഥാനനിയമം സ്നേഹത്തിന്റെ പുതിയ കല്പനയാണെന്ന വാസ്തവം നമ്മെ അവിടുന്ന് പഠിപ്പിക്കുകയുണ്ടായി. സ്നേഹത്തിന്റെ പാത എല്ലാവർക്കും തുറന്നിട്ടിരിക്കുകയാണെന്നും വിശ്വവിശാലമായ സാഹോദര്യം സ്ഥാപിക്കാനുള്ള മനുഷ്യന്റെ പരിശ്രമം നിരർത്ഥകമല്ലെന്നും ദൈവസ്നേഹത്തിൽ വിശ്വസിക്കുന്നവർക്ക് അസന്നിഗ്ദ്ധമായ ഉറപ്പു നൽകുന്നുണ്ട്. അതേസമയം ഈ സാഹോദര്യം അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമല്ല. പിന്നെയോ ജീവിതത്തിലെ സാമാന്യമായ പരിതഃസ്ഥിതികളിലും സൂക്ഷിച്ചു പുലർത്തേണ്ടതാണെന്ന് അവിടുന്ന് അവരെ അനുസ്മരിപ്പിക്കുന്നു. പാപികളായ നമുക്കെല്ലാവർക്കുംവേണ്ടി മരിച്ചുകൊണ്ട് നീതിയും സമാധാനവും ആരായുന്നവരുടെ ചുമതലകളിൽ ജഡവും ലോകവും കെട്ടിയേൽപ്പിക്കുന്ന കുരിശുകൾ നാം ചുമക്കണമെന്ന് സ്വമാതൃകവഴി അവിടുന്ന് നമ്മെ പഠിപ്പിച്ചു. ഉത്ഥാനംവഴി സകലത്തിന്റെയും നാഥനായിത്തീർന്നവനും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്താധികാരങ്ങളും നല്കപ്പെട്ടിരിക്കുന്നവനുമായ മിശിഹാ, പരിശുദ്ധാരൂപിയുടെ ചൈതന്യംവഴി മനുഷ്യഹൃദയങ്ങളിൽ ഇന്നും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്.

(തുടരും)

LAITY VOICE

# കത്തോലിക്കാസഭ അതിവേഗം വളരുന്നു; കണക്കുകൾ പുറത്ത്



വത്തിക്കാൻ സിറ്റി: സഹനങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചു കത്തോലിക്കാസഭ വീണ്ടും ശക്തമായ വളർച്ചയുടെ പാതയിൽ. ഇക്കഴിഞ്ഞ ഒക്ടോബർ 21ന് 92-ാമത് ആഗോള മിഷൻഞായർ വാർഷികാഘോഷത്തോടനുബന്ധിച്ച് വത്തിക്കാൻ ന്യൂസ് ഏജൻസിയായ ഏജൻസിയ ഫിഡ്സ് പുറത്തുവിട്ട ആഗോള കത്തോലിക്കാസഭയുടെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 1.4 കോടി ആളുകളാണ് പുതുതായി കത്തോലിക്കാ വിശ്വാസം സ്വീകരിച്ചത്. 2016-ലെ ബുക്ക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആണ് ഫിഡിസിന്റെ കണക്കുകൾക്കാധാരം. മുൻവർഷത്തെ അതായത് 2015-ലെ കണക്കുകളുമായുള്ള താരതമ്യവും റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. വർദ്ധനവ് + അടയാളം കൊണ്ടും കുറവ് - അടയാളം കൊണ്ടുമാണ് സൂചിപ്പിച്ചിരിക്കുന്നത്.

2016 ഡിസംബർ 31 വരെ ആഗോള കത്തോലിക്കരുടെ എണ്ണം 129,90,59,000 ആണ്. മുൻ വർഷത്തിൽനിന്നും 1,42,49,000 ആളുകളാണ് വിവിധ മതങ്ങളിൽ നിന്നും പ്രൊട്ടസ്റ്റന്റ് അടക്കമുള്ള വിഭാഗങ്ങളിൽ നിന്നും പുതുതായി കത്തോലിക്കാവിശ്വാസത്തെ പുൽകിയത്. യൂറോപ്പ് ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും അധികം വർദ്ധനവ് രേഖപ്പെടുത്തിയിരിക്കുന്നത് ആഫ്രിക്കയിലാണ്(62,65000). തൊട്ടുപിന്നിൽ അമേരിക്കയും (60,23000). അതിനുശേഷം ഏഷ്യയും (19,56000), പിന്നെ ഓഷ്യാനയും (2,54000) ആണ്. ആഗോള ജനസംഖ്യയുടെ 17.67% ആളുകളും കത്തോലിക്കരാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു. അതേസമയം യൂറോപ്പിൽ (0.11) കുറവാണ് കാണിക്കുന്നത്.

സ്ഥിരതാമസക്കാരായ പുരോഹിതരുള്ള മിഷൻകേന്ദ്രങ്ങളുടെ എണ്ണം 2140 ആണ്. മുൻവർഷങ്ങളിൽ നിന്നും 581 പേരുടെ വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. യൂറോപ്പിലാണ് ഏറ്റവും വലിയ വർദ്ധനവ് ഉണ്ടായിരിക്കുന്നത്. മെത്രാന്മാരുടെ എണ്ണത്തിലും വർദ്ധനവുണ്ട്. ലോകമാകെ 5353 മെത്രാന്മാരുണ്ട്. ഇതിൽ രൂപതാമെത്രാന്മാരുടെ എണ്ണം 4063, ഇതര മെത്രാന്മാരുടെ എണ്ണം 1263 എന്നിങ്ങനെയാണ്. എന്നാൽ പുരോഹിതരുടെ എണ്ണത്തിൽ ഇക്കൊല്ലവും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 4,14969 പുരോഹിതന്മാരാണുള്ളത്. അതേസമയം ആഫ്രിക്കയിൽ വൈദികരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടെന്നതും ശ്രദ്ധേയമാണ്.

സ്ഥിര ഡീക്കന്മാരുടെ എണ്ണവും 1057 യൂണിറ്റിൽ നിന്നും 46,312 യൂണിറ്റായി വർദ്ധിച്ചിട്ടുണ്ട്. അല്മായ പ്രേഷിതരുടെ എണ്ണത്തിൽ 3,54,743 യൂണിറ്റ് വർദ്ധനവാണുള്ളത്. ആഗോള വിദ്യാഭ്യാസമേഖലയിൽ കത്തോലിക്കാ സഭയുടെ കീഴിൽ 72,826 കിന്റർ ഗാർട്ടനുകളിലായി 73,13,370 വിദ്യാർത്ഥികളും, 96,573 പ്രൈമറി സ്കൂളുകളിലായി 3,51,25,124 വിദ്യാർത്ഥികളും, 47,862 സെക്കണ്ടറി സ്കൂളുകളിലായി 1,99,56,347 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. 2,50,9457 ഹൈസ്കൂൾ വിദ്യാർത്ഥികളും, 30,49,548 സർവ്വകലാശാലാ വിദ്യാർത്ഥികളും സഭാസ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. ശത്രുക്കളും പീഡകരും വിമർശകരും വർദ്ധിക്കുന്നതിന് അനുസരിച്ചുതന്നെ കത്തോലിക്കാസഭയിൽ ചേക്കേറുന്നവരുടെ എണ്ണവും വർദ്ധിക്കുകയാണെന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രസത്യമാണ് പുതിയ കണക്കുകൾ ഓർമ്മപ്പെടുത്തുന്നത്.

## ചൈനയിൽ രണ്ടു മരിയൻ തീർത്ഥാടനകേന്ദ്രങ്ങൾ തകർത്തു

ബെയ്ജിംഗ്: കത്തോലിക്ക സഭയ്ക്ക് സ്വാതന്ത്ര്യം അനുവദിക്കാൻ ചൈനീസ് കമ്യൂണിസ്റ്റ് സർക്കാരുമായി വത്തിക്കാൻ ഒപ്പിട്ട് ആഴ്ചകൾ പിന്നിടുന്നതിനു മുമ്പ് കരാറിനെ മാനിക്കാതെ ചൈനീസ് സർക്കാർ രണ്ടു മരിയൻ തീർത്ഥാടനകേന്ദ്രങ്ങൾ തകർത്തു. ഡോൺജർഗൂവ് പ്രവിശ്യയിലെ വ്യാകുലമാതാവിന്റെ പേരിലുള്ള തീർത്ഥാടനകേന്ദ്രവും ആൻലോഗ് പ്രവിശ്യയിലെ ഔർ ലേഡി ഓഫ് ബ്ലിസ് തീർത്ഥാടന കേന്ദ്രവുമാണ് സർക്കാർ തകർത്തത്. കെട്ടിട അനുമതി ഇല്ലാത്തതിനാലാണ് തീർത്ഥാടനകേന്ദ്രങ്ങൾ തകർത്തതെന്നാണ് രണകൂടം നൽകുന്ന വിശദീകര



ചൈനീസ് വത്ക്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കമ്മ്യൂണിസ്റ്റ് സർക്കാർ ഇങ്ങനെയുള്ള അതിക്രമങ്ങളിൽ ഏർപ്പെടുന്നതെന്ന് സ്ഥലത്തെ കത്തോലിക്കാ വിശ്വാസികൾ ആശങ്ക പ്രകടിപ്പിച്ചു.

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: +91 9562017841